ന്നാണ് അർത്ഥം. ഇതു മുനിസിപ്പാലിറ്റിക്കു കൊടുത്തു കഴിഞ്ഞാൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും എങ്ങനെ ചെലവു വരുമെന്നാണ് പറയുന്നത്? അസറ്റ്സ് ആന്റ് ലയബിലിറ്റിയാണ് ട്രാൻസ്ഫർ ചെയ്യുന്നത്. ഇവിടെ രണ്ടു അതോറിറ്റിയാണുള്ളത്. ജല അതോറിറ്റിയുടെ ഫംഗ്ഷൻ സിനു ഫണ്ട് മുനിസിപ്പാലിറ്റി കൊടുക്കുന്നു. അവിടെയും ഗവൺമെന്റല്ല ചെലവു വഹിക്കുന്നത്. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും എക്സ് പെൻഡിച്ചർ എൻവിസേജ് ചെയ്യുന്നില്ല. അതാണു ഗവൺമെന്റ് പൊസിഷൻ. അല്ലെങ്കിൽ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും എത്ര കോടി രൂപ ചെലവു വരുമെന്നുള്ളതു ബോധ്യപ്പെട്ടാലല്ലേ അതു മാറ്റാൻ പറ്റുകയുള്ളൂ. ഒരൊറ്റ കാശും കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ചെലവാകുന്നില്ല. ഈ ബില്ലിന്റെ അവതരണം സംബന്ധിച്ച ഉന്നയിക്കപ്പെട്ട ഒബ്ജക്ഷൻസ് നില നിൽക്കത്തക്കതല്ല.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) : സർ, ഇവിടെ സാമ്പത്തികമായി വരുന്ന ബാധ്യത മുഴുവനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നിർവഹിക്കത്തക്ക രീതിയിലാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഗവൺമെന്റിന്റെ സഞ്ചിതനിധിയിൽനിന്ന് യാതൊരു ചെലവും വരുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഞങ്ങൾക്കൊക്കെ വിവരമില്ലെന്നും ഉദ്യോഗസ്ഥന്മാർ എഴുതിക്കൊടുക്കുന്നതാണ് പറയുന്നതെന്നുമുള്ള രീതിയിലാണ് പറയുന്നത്. അത് മോശമാണ്. ഞങ്ങൾക്കും അല്പസ്വല്പം കാര്യങ്ങൾ അറിയാം.

## VII. റൂളിംഗ്

**ബിൽ ഭരണഘടനാവിരുദ്ധമെന്ന നിലയിൽ ഒബ്ജക്ഷൻ വന്നാൽ കളക്ടീവ് വിസ്ഡം അനുസരിച്ച് ബിൽ പാസ്സാക്കിയിട്ട് അന്തിമ തീരുമാനത്തിന് കോടതിയ്ക്ക് വിടുക എന്നുള്ളതാണ് പാർലമെന്റിലും നിയമ സഭകളിലും അനുവർത്തിച്ചുപോരുന്ന നിലപാട്.**

മി. സ്പീക്കർ : ബില്ലിന്റെ അവതരണത്തെ തടയുന്ന പ്രശ്നമുണ്ടോയെന്നാണ് നമ്മൾ പരിശോധിക്കേണ്ടത്. അല്ലാതെ മൈന്യൂട്ട് ഡീറ്റെയിൽസിലേക്ക് എത്ര കണ്ട് പോകാൻ കഴിയുമെന്ന് എനിക്ക് അറിയില്ല. ബില്ലിന്റെ അവതരണത്തെ തടയുന്ന കാര്യത്തിൽ കോൺസ്റ്റിറ്റ്യൂഷണലായിട്ടുള്ള പ്രധാന ഒബ്ജക്ഷൻസ് അത് ബില്ലിന്റെ അവതരണത്തെ തടയാൻ കഴിയുന്നതാണോയെന്നാണ് പരിശോധിക്കേണ്ടത്. ഇതിനും മുമ്പ് പലപ്പോഴും, ഈ സെഷനിൽതന്നെ ഭരണഘടനാവിരുദ്ധമായ പ്രശ്നങ്ങൾ വന്നാൽ, സാധാരണ ഈ സഭയിലും മറ്റ് സഭകളിലും പാർലമെന്റിലുമെല്ലാം നാം അനുവർത്തിച്ചുവരുന്ന നിലപാട് എന്നു പറയുന്നത് ഭരണഘടനാവിരുദ്ധമെന്നുള്ള പ്രശ്നങ്ങൾ വന്നാൽ സഭയുടെ കളക്ടീവ് വിസ്ഡം അനുസരിച്ച് ബിൽ പാസ്സാക്കുകയും അതു സംബന്ധിച്ചുള്ള അന്തിമമായ വിധി കോടതിക്ക് വിടുകയും ചെയ്യുക എന്നുള്ളതാണ്. വകുപ്പുകളെ സംബന്ധിച്ചായാലും മറ്റു വിധത്തിലായാലും ആ നിലപാടാണ് സ്വീകരിക്കുന്നത്. ആ സമീപനത്തിന്റെ അടിസ്ഥാനത്തിൽ ഈ ബില്ലിന്റെ അവതരണത്തെ സംബന്ധിച്ചുള്ള ഒബ്ജക്ഷൻസ് നിലനിൽക്കുന്നതല്ല. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ഫിനാൻഷ്യൽ മെമ്മോറാണ്ടത്തെ സംബന്ധിച്ചാണ്. അതാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ഡിബേറ്റ് ചെയ്തത്. ഈ ബില്ലിനെ സംബന്ധിച്ച് പറയുമ്പോൾ ഇതിൽ വരുന്ന പ്രധാനപ്പെട്ട ചെലവുകൾ, മേജർ പ്രൊവിഷൻ വരുന്നത് ലോക്കൽ ബോഡീസിന്റെ എക്സ്പൻസസിലാണ്. നമുക്ക് ഇവിടെ വരുന്നത് നമ്മുടെ കൺസോളിഡേറ്റഡ് ഫണ്ടിൽ വരുന്ന പ്രശ്നങ്ങൾ മാത്രമാണ്. എനിക്കും അതിന്റെ ഡീറ്റെയിൽസ് അറിയില്ല. ഇതിനെ സംബന്ധിച്ച് ഗവൺമെന്റ് ഒന്നുകൂടി പരിശോധിക്കുന്നതിൽ അപാകതയൊന്നുമില്ല. ഇപ്പോൾ പറഞ്ഞ വാട്ടർ അതോറിറ്റിയുടെ കാര്യമായാലു ശരി, അതിന്റെ ലയബിലിറ്റീസിന്റെ കാര്യമായാലും ശരി, എന്തു കാര്യമായാലും ശരി, അതുൾപ്പെടെയുള്ള കാര്യങ്ങൾ ഒന്നുകൂടി പരിശോധിക്കുക. ഞാൻ ഇതിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടം നോക്കിയപ്പോൾ അതിന്റെ ആമുഖത്തിൽത്തന്നെ മുനിസിപ്പാലിറ്റിയുടെ അധീനതയിൽ വിട്ടുകൊടുത്തിട്ടുള്ള കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ബാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും വരുന്ന കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ വരേണ്ടതാണോ 76-ാം വകുപ്പിലെ കാര്യങ്ങൾ എന്നുള്ള കാര്യം ഒന്നുകൂടി പരിശോധിച്ചുകൊള്ളുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : വാട്ടർ അതോറിറ്റിക്ക് ഗവൺമെന്റ് ഗ്യാരന്റി ചെയ്തുകൊടുത്തിട്ടുണ്ടെന്നിരിക്കട്ടെ. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് പുതുതായി ഒരു ലയബിലിറ്റിയുടെയും സാദ്ധ്യതയില്ലെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ : ഇത് ഉണ്ടോ ഇല്ലയോയെന്ന് പരിശോധിക്കുക. ഇന്ററസ്റ്റ് വേരി ചെയ്യുന്നുണ്ടെങ്കിൽ അതും പരിശോധിക്കട്ടെ. അക്കാഡമിക് ഇന്ററസ്റ്റ് എന്നുള്ള നിലയ്ക്ക്, ഇന്ററസ്റ്റ് വേരിയേഷൻ ഉൾപ്പെടെ പരിശോധിക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ശ്രീ. ടി.എം. ജേക്കബും ഒന്ന് പരിശോധിക്കണം. ഗ്യാരന്റി കൊടുക്കുന്നത് പ്രിൻസിപ്പലിനു മാത്രമല്ല, ഇന്ററസ്റ്റിനു ഉൾപ്പെടെ ഇപ്പോൾ ഗ്യാരന്റീഡ് ആണ്. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് അഡീഷണൽ എക്സ്പെൻഡിച്ചർ വരുന്നുണ്ടെങ്കിൽ മാത്രമേ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ വരേണ്ടതുള്ളൂ. അതില്ലന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇവിടെ പറഞ്ഞ പലിശയുടെ കാര്യം. അതല്ലാത്ത ഒരു കാര്യവുമുണ്ട്. ഈ പ്രൊവിഷൻ വന്നതുകൊണ്ട് മുമ്പ് വാട്ടർ അതോറിറ്റി നടത്തിയിരുന്നത് മുനിസിപ്പാലിറ്റിക്ക് വരികയാണ്. അങ്ങനെ വരുമ്പോൾ അതിനുവേണ്ടി പ്ലാനിൽ മാറ്റിവച്ച പണമുണ്ട്. അത് മുനിസിപ്പാലിറ്റിക്ക് പോകും. അത് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നാണ്. അത് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ വ്യക്തമായിട്ട് പറയണം. അത് ഇതുവരെ പരിശോധിച്ചിട്ടില്ല. ഈ ആക്ട് അനുസരിച്ച് ആ വർക്ക് വരുന്നത് മുനിസിപ്പാലിറ്റിക്കാണ്.

മി. സ്പീക്കർ : വാട്ടർ അതോറിറ്റിയുടെ കാര്യവുംകൂടി ഒന്ന് പരിശോധിക്കട്ടെ. അതിന്റെ അടിസ്ഥാനത്തിൽ ഉന്നയിക്കപ്പെട്ട ഒബ്ജക്ഷൻസ് നിലനിൽക്കുന്നതല്ലായെന്ന് ചെയർ റൂൾ ചെയ്യുന്നു.

*(അദ്ധ്യക്ഷവേദിയിൽ ശ്രീ. സത്യൻ മൊകേരി)*

LIBRARY ARCHIVES Kerala Legislative Assembly